# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 12, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിൽ വില്പന നടത്താൻ നടപടി

*91 ശ്രീ. പുരുഷൻ കടലുണ്ടി
,, ബാബു.എം. പാലിശ്ശേരി
,, കെ.വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിൽക്കൂടി വില്പന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി സംരംഭകരിൽ നിന്ന് കമ്മീഷൻ ഈടാക്കുന്നുണ്ടോ; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് സാധനങ്ങളുടെ വില വർദ്ധനവിനും ചെറുകിട സംരംഭകരുടെ തകർച്ചയ്ക്കും കാരണമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

(ഡി) ചെറുകിട ഉല്പന്നങ്ങളെ അവഗണിച്ചുകൊണ്ട് വൻകിട കമ്പനികളുടെ ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിലൂടെ വിപണനം നടത്തുന്നുണ്ടോ; എങ്കിൽ ആയത് തടയുമോ;

(ഇ) വൻകിട ഉല്പന്നങ്ങളുടെ വിപണനത്തിനായി ചെറുകിട സംരംഭകരുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും ഉല്പന്നങ്ങൾ സപ്ലൈകോ നിരസിക്കുന്നുണ്ടോ; കമ്മീഷൻ വർദ്ധന ഇതിന്റെ ഭാഗമായിട്ടുള്ളതാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാല വി. സി. ക്കെതിരെ നടപടി</u>

*92 ഡോ. കെ. ടി. ജലീൽ
ശ്രീ. എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലാ മേധാവികൾ നടത്തുന്ന ചട്ടവിരുദ്ധ പ്രവർത്തനങ്ങളും സാമ്പത്തിക ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് സർവ്വകലാശാല വൈസ് - ചാൻസലർ പെൻഷനും ശമ്പളവും ഒരുമിച്ചു വാങ്ങുന്നുണ്ടോയെന്നും എങ്കിൽ ഇത് ചട്ടപ്രകാരമാണോയെന്നും അറിയിക്കുമോ; വൈസ് - ചാൻസലർ കൈപ്പറ്റിയ പെൻഷനും ശമ്പളവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും സർവ്വകലാശാലാ ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചതിന്റെ പേരിൽ ഈ വൈസ് - ചാൻസലർക്കെതിരെ കോടതി വിമർശനം ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ചട്ടവിരുദ്ധ പ്രവർത്തനങ്ങളുടെ ഫലമായി നിരന്തരം ആരോപണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന വൈസ് - ചാൻസലറെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും

*93 ശ്രീ. കെ. ദാസൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഹയർ സെക്കന്ററി സ്കൂളുകളുടെയും ബാച്ചുകളുടെയും ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അദ്ധ്യയനവർഷം ഹയർസെക്കന്ററി മേഖലയിൽ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നോ; ഇതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) പുതിയ ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ ഇതുപ്രകാരം ലഭിച്ച അപേക്ഷകളിൽ എന്ത് തീരുമാനം സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) പുതിയ സ്കൂളുകൾക്കും ബാച്ചുകൾക്കുമുള്ള അപേക്ഷ സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നോ ക്ഷണിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലും ആവശ്യമായിവരുന്ന സ്കൂളുകളും ബാച്ചുകളും എത്രയെന്ന് കണക്കാക്കിയിരുന്നോ;

(ഇ) അധികബാച്ചുകൾ അനുവദിക്കുന്നതിനായി വീണ്ടും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(എഫ്) ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ യഥേഷ്ടം സ്കൂളുകളും അധികബാച്ചുകളും അനുവദിക്കുന്നത് പൊതുമേഖലയിൽ നിലവിലുള്ള സ്കൂളുകളെ എങ്ങനെ ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് വൻതോതിലുള്ള ക്രമക്കേടുകൾക്കും അഴിമതിക്കും കാരണമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വില്ലേജുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം</u>

*94 ശ്രീ. വി.പി.സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സമ്പ്രദായം മുഖേന ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പാചകവാതക സിലിണ്ടറുകളുടെ സുരക്ഷിതത്വം</u>

*95 ശ്രീ. കെ.എം. ഷാജി
,, വി.എം. ഉമ്മർ മാസ്റ്റർ
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക ട്രാൻസ്പോർട്ടേഷൻ, റീഫില്ലിംഗ് എന്നിവയിൽ ആവശ്യമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം അപകടങ്ങൾ അടിക്കടി ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി)) സിലിണ്ടറുകളുടെ കാലാകാലങ്ങളിലെ പരിശോധനയും കണ്ടംചെയ്യലും കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തൊക്കെ പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

**കരാർതുക കുടിശ്ശികമൂലമുള്ള നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ**

*96 ശ്രീ. എളമരം കരീം
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൻ കീഴിലെ നിർമ്മാണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക നൽകാത്തതിനാൽ കരാറുകാർ സർക്കാർ പദ്ധതികളുടെ നിർമ്മാണം ബഹിഷ്കരിക്കുകയുണ്ടായിട്ടുണ്ടോ;

(സി) കരാറുകാർക്ക് വൻതുക കുടിശ്ശിക നൽകാനുണ്ടോ; വിശദമാക്കാമോ; 2014 മേയ് 31 വരെയുള്ള കുടിശ്ശികയെത്ര;

(ഡി) ഇത്രയും കുടിശ്ശികയുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് നിർമ്മാണപ്രവൃത്തികൾ സ്തംഭിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി

*97 ശ്രീ. സി. കൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിട്ടുപോയ പ്രദേശങ്ങളിലെ വില നിർണ്ണയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ന്യായവില നിർണ്ണയിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഭൂമി രജിസ്ട്രേഷന് തടസ്സമുണ്ടോ;

(സി) ന്യായവില നിർണ്ണയത്തിലെ അപാകതകൾ ഉദ്യോഗസ്ഥരുടെ അഴിമതിക്കും റിയൽ എസ്റ്റേറ്റ് ലോബികൾക്ക് നേട്ടമുണ്ടാക്കുന്നതിനും ഇടയാക്കിയിട്ടുണ്ടോ;

(ഡി) ന്യായവില നിർണ്ണയത്തിലെ അപാകതകൾ രജിസ്ട്രേഷൻ വഴിയുള്ള വരുമാനത്തെ ബാധിച്ചിട്ടുണ്ടോ;

(ഇ) ന്യായവില നിർണ്ണയ നടപടികൾ എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഭൂമി രജിസ്ട്രേഷനിലൂടെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും ഈ വർഷം ഇതുവരെയും ലഭിച്ച വരുമാനം സംബന്ധിച്ച കണക്കുകൾ താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

**<u>ദേശീയപാത 17 ന്റെ വികസന പ്രവര്‍ത്തനങ്ങളില്‍ നിന്ന് ദേശീയപാത വികസന അതോറിറ്റിയുടെ പിന്‍മാറ്റം</u>**

*98 ശ്രീ. വി. ശിവന്‍കുട്ടി
'' സി.കെ. സദാശിവന്‍
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാത 17 ന്റെ വികസന പ്രവര്‍ത്തനങ്ങളില്‍ നിന്ന് ദേശീയ പാത വികസന അതോറിറ്റി പിന്‍വാങ്ങിയിട്ടുണ്ടോ ;

(ബി) വേറെ ഏതൊക്കെ പദ്ധതികളില്‍ നിന്ന് അതോറിറ്റി പിന്‍വാങ്ങിയിട്ടുണ്ടെന്നറിയിക്കുമോ ;

(സി) ഇത്തരം പിന്മാറ്റത്തിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ ;

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്തെ റോഡു വികസനത്തിനുള്ള കേന്ദ്ര ഫണ്ട് ലഭിക്കാതിരിക്കാന്‍ സാദ്ധ്യതയില്ലേ;

(ഇ) സംസ്ഥാന സര്‍ക്കാരിന്റെ അനാസ്ഥ ഈ പിന്മാറ്റത്തിനു കാരണമായിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ജലദൗർലഭ്യവും ഊർജ്ജ പ്രതിസന്ധിയും</u>

*99 ശ്രീ. എം. ഉമ്മർ
,, കെ.എൻ.എ. ഖാദർ
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഈ വർഷം മഴ ശരാശരിയിലും കുറവായിരിക്കുമെന്ന കാലാവസ്ഥ നിരീക്ഷണ വകുപ്പിന്റെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശരാശരി മഴ ലഭിച്ചാൽ പോലും ജലദൗർലഭ്യവും ഊർജ്ജ പ്രതിസന്ധിയും നേരിടുന്ന സംസ്ഥാനത്തിന് മഴ കുറഞ്ഞാലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിവിധ വകുപ്പുകളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായം ശേഖരിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മഴവെള്ളത്തിന്റെ കുറവുമൂലമുള്ള പ്രശ്ന പരിഹാരത്തിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>മോണോ റെയിൽ പദ്ധതി</u>

*100 ശ്രീ. എം.എ. വാഹിദ്
,, കെ. മുരളീധരൻ
,, എ.റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മോണോറെയിൽ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പദ്ധതി നിർവ്വഹണത്തിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിവരിക്കുമോ ;

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

‘ഭൂരഹിതരില്ലാത്ത കേരളം’ പദ്ധതി

*101 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘ഭൂരഹിതരില്ലാത്ത കേരളം’ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കേന്ദ്ര സിലബസ് പിന്തുടരുന്ന സ്കൂളുകളിലെ പുസ്തകങ്ങളുടെ അമിത വില</u>

*102 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
'' എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സിലബസ് പിന്തുടരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ ഉത്തരേന്ത്യൻ പ്രസാധകരുടെ പുസ്തകങ്ങൾ അമിത വിലനൽകി വാങ്ങേണ്ടി വരുന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേ എഡിഷനിലുള്ള പാഠപുസ്തകങ്ങൾക്ക് വിവിധ സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സ്ക്കൂളുകൾ ഈടാക്കുന്ന തുകയുടെ അന്തരം സംബന്ധിച്ച് പത്രമാധ്യമങ്ങൾ പുറത്തുവിട്ട അന്വേഷണാത്മക റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ നിജസ്ഥിതി അന്വേഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കേന്ദ്ര സിലബസുകൾ പിന്തുടരുന്ന സ്ക്കൂളുകളിലെ പാഠ്യപുസ്തകങ്ങളുടെ വില നിശ്ചയിക്കുന്നതിനും നിരീക്ഷിക്കുന്നനതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ഡി) കേന്ദ്ര സിലബസ് പിന്തുടരുന്ന സ്ക്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന പുസ്തകങ്ങളുടെ വില ഏകീകരിയ്ക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>സ്വാശ്രയ എഞ്ചിനീയറിംഗ് ഫീസ് വര്‍ദ്ധന</u>

*103 ശ്രീ. റ്റി. വി. രാജേഷ്
,, എ. പ്രദീപ്കുമാര്‍
'' ആര്‍. രാജേഷ്
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് പഠനത്തിനുള്ള മെരിറ്റ് സീറ്റില്‍ ഫീസ് വര്‍ദ്ധിപ്പിക്കുകയുണ്ടായോ; ഫീസ് വര്‍ദ്ധനയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫീസ് വര്‍ദ്ധിപ്പിക്കണമെന്ന മാനേജ്മെന്റ് അസോസിയേഷന്റെ ആവശ്യം അംഗീകരിക്കാന്‍ സര്‍ക്കാരിനെ പ്രേരിപ്പിച്ച സാഹചര്യം വിശദമാക്കാമോ;

(സി) സ്വാശ്രയ മാനേജ്മെന്റുകള്‍ക്ക് അനുകൂലമായി സര്‍ക്കാര്‍ കൈക്കൊണ്ട തീരുമാനം നിര്‍ദ്ധനരായ വിദ്യാര്‍ത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മോണോ റെയിൽ സംവിധാനം</u>

*104 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മോണോറെയിൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ നഗരങ്ങളിലാണ് പ്രാഥമികമായി ഇതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; അവിടങ്ങളിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച് വിശദവിവരം നല്കാമോ ;

(സി) മോണോറെയിൽ സ്ഥാപിക്കാൻ അനുയോജ്യമായ നഗരങ്ങൾ ഏതെല്ലാമെന്ന് ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഘട്ടംഘട്ടമായി ആ നഗരങ്ങളിലെല്ലാം മോണോറെയിൽ ഏർപ്പെടുത്താൻ തക്കവിധം സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

റോഡ് വികസനത്തിന്റെ നവീന മാതൃകകളെ സംബന്ധിച്ച് ശില്പശാല

*105 ശ്രീ. സി. പി. മുഹമ്മദ്
'' ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന്റെ നവീന മാതൃകകളെ സംബന്ധിച്ച് ശില്പശാല സംഘടിപ്പിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം വിഷയങ്ങളാണ് ശില്പശാലയിൽ ചർച്ച ചെയ്തതെന്ന് വിശദമാക്കുമോ ;

(ഡി) ശിൽപശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ വിശദമാക്കുമോ ;

(ഡി) അവ നടപ്പാക്കാൻ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

നെല്ലുസംഭരണം

*106 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ല് സംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര നെൽ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതിവഴി സംഭരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ പദ്ധതി</u>

*107 ശ്രീ. എം. ഹംസ
,, കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള റേഷൻ സമ്പ്രദായത്തെ ഈ നിയമം ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാകുമ്പോൾ സംസ്ഥാനത്ത് റേഷൻ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഈ നിയമം നടപ്പാകുമ്പോൾ എ.പി.എൽ വിഭാഗക്കാരായ കാർഡുടമകൾ പൂർണ്ണമായും പൊതുവിതരണ സംവിധാനത്തിൽ നിന്ന് പുറത്താകുമെന്ന ആശങ്ക നിലനിൽക്കുന്നുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ റേഷൻ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും തുടർന്നും റേഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭക്ഷണ പദാർത്ഥങ്ങളുടെ വില പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി</u>

*108 ശ്രീ. സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്
,, പി.കെ ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങളുടെ പരമാവധി വില്പന വില നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷണ വില്പന കേന്ദ്രങ്ങളുടെ നിലവാരത്തെക്കുറിച്ചോ സൗകര്യങ്ങളെക്കുറിച്ചോ ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണത്തെയോ അളവിനെയോ കുറിച്ചോ യാതൊരു വ്യവസ്ഥയും നിയന്ത്രണവുമില്ലാതെ യഥേഷ്ടം വില ഈടാക്കുന്ന രീതി നിയന്ത്രിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

*109 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില നിയന്ത്രണാതീതമായി കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) റേഷൻ സാധനങ്ങളുടെ വിതരണത്തിലുണ്ടായ സ്തംഭനവും സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴിയുള്ള അവശ്യവസ്തുക്കളുടെ വിതരണം നിലച്ചതും വിലക്കയറ്റത്തിന് ആക്കം കൂട്ടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിലക്കയറ്റം തടയുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിനായി പൊതുവിതരണ രംഗത്തെ ഏതെല്ലാം ഏജൻസികളെയാണ് ആശ്രയിച്ചതെന്ന് വ്യക്തമാക്കുമോ; ഇതിന് ആവശ്യമായ ഫണ്ട് നൽകിയിരുന്നോ; വിശദാംശം നൽകുമോ;

(ഇ) ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കാതിരുന്നതും സർക്കാർ പ്രഖ്യാപിച്ച സഹായം കുടിശ്ശികയായതും സപ്ലൈകോയുടെ പൊതുവിതരണശാലകളുടെ പ്രവർത്തനം നിലയ്ക്കുന്നതിനിന് കാരണമായിട്ടുണ്ടോ; സപ്ലൈകോയ്ക്ക് ഈ രീതിയിൽ കുടിശ്ശിക ഫണ്ട് നൽകാനുണ്ടോ; മറ്റേതെല്ലാം സ്ഥാപനങ്ങൾക്ക് ഈ ഇനത്തിൽ തുക നൽകാൻ ബാക്കിനില്പുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

(എഫ്) സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് നൽകി പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>റാഗിംഗ് നിയന്ത്രണം</u>

*110 ശ്രീ. എ.കെ.ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂനിയർ വിദ്യാർത്ഥികളുടെ അകാല മരണത്തിന് വരെ റാഗിംഗ് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുപ്രീംകോടതി നിർദ്ദേശിച്ച കർക്കശമായ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ഒരു മോണിറ്ററിംഗ് സമിതി രൂപികരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) റാഗിംഗ് നടത്തുന്നവർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്യുമ്പോൾ പോലീസിന്റെ എഫ്.ഐ.ആറിൽ നിസ്സാര കുറ്റങ്ങൾ രേഖപ്പെടുത്തുന്നതിനാൽ യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ പ്രതിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിദ്യാർത്ഥികൾക്കിടയിൽ ''ശത്രുവല്ല സഹപാഠികൾ'' എന്ന അവബോധം ഉണ്ടാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) റാഗിംഗ് നിയന്ത്രിക്കാൻ ഉദാസീനത കാണിക്കുന്ന വാർഡന്മാർ, വകുപ്പ് മേധാവികൾ, സ്ഥാപനമേധാവികൾ എന്നിവർക്കെതിരെ നടപടി സ്വീകരിക്കാൻ വൈസ് ചാൻസലർമാർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനു ഡാറ്റാബാങ്ക്</u>

*111 ശ്രീ. മുല്ലക്കര രത്നാകരൻ
,, സി. ദിവാകരൻ
,, കെ. രാജു
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഡാറ്റാബാങ്ക് തയ്യാറാക്കൽ ആരംഭിച്ചതെന്നാണ്; എത്ര വില്ലേജുകളിൽ ഡാറ്റാബാങ്ക് പൂർത്തിയാക്കി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ വില്ലേജുകളിലും ഇതിനായുള്ള പ്രാദേശിക മേൽനോട്ട സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര വില്ലേജുകളിൽ ഈ സമിതികൾ രൂപീകരിക്കാനുണ്ട്; ഈ സമിതികളിലെ അംഗങ്ങൾ ആരെല്ലാമായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഡാറ്റാബാങ്ക് തയ്യാറാക്കൽ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്ക്കരണം

*112 ശ്രീ. പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്ക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) 2014-15 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ പാഠപുസ്തകമാറ്റം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുസ്തകമാറ്റം നടപ്പിലാക്കുന്നുണ്ടെങ്കിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

സ്റ്റേറ്റ് സിലബസിൽ കാലോചിത പരിഷ്ക്കാരം

*113 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, സീമാറ്റ്, ഡയറ്റ് എന്നിവ മുഖാന്തിരം സ്ക്കുൾ മാനേജ്മെന്റിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പഠനം നടത്തിയത്, പഠന റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സിലബസ് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, സീമാറ്റ്, ഡയറ്റ് എന്നിവയുടെ പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സ്റ്റേറ്റ് സിലബസിന് കാലോചിതമായ പരിഷ്ക്കാരം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) സ്റ്റേറ്റ് സിലബസ് പ്രകാരം പഠിക്കുന്ന കുട്ടികളിൽ സാമൂഹ്യ അവബോധം സൃഷ്ടിക്കാൻ പര്യാപ്തമായ സിലബസ് പരിഷ്ക്കരണം യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും</u>

*114 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാഠപുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകളിലാണ് അച്ചടിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യപ്രസ്സുകളിൽ പ്രിന്റുചെയ്യുന്ന പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ പ്രിന്റുചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇപ്പോൾ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഏജൻസികൾ ഏതെല്ലാം ഗവൺമെന്റ്, സ്വകാര്യ മേഖലയിലുള്ളതാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>എം. സി. റോഡിന്റെ അറ്റകുറ്റപ്പണികൾ</u>

*115 ശ്രീ. മോൻസ് ജോസഫ്
,, സി.എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.സി റോഡിൽ ചെങ്ങന്നൂർ വരെയുള്ള റോഡ് അന്തർദേശീയ നിലവാരത്തിൽ കെ.എസ്.റ്റി.പി നിർമ്മിച്ചതിന്റെ ചില ഭാഗങ്ങൾ തകർന്ന് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ മെയിന്റനൻസ് നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇത്തരം റോഡുകളിൽ ഉണ്ടാകുന്ന അഗാധ ഗർത്തങ്ങൾ ഇരുചക്ര വാഹനയാത്രക്കാർക്ക് ഭീഷണി ഉയർത്തുന്നത് ഉടൻ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കയർമേഖലയിലെ പ്രതിസന്ധി</u>

*116 ശ്രീ. ജി. സുധാകരൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. ദാസൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിസന്ധികാരണം പ്രസ്തുത മേഖലയിലെ തൊഴിലാളികൾ കടുത്ത ദാരിദ്ര്യവും പട്ടിണിയും നേരിടുന്ന കാര്യം അറിവുള്ളതാണോ;

(സി) കഴിഞ്ഞവർഷം കയർ തൊഴിലാളികൾക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; തൊഴിൽ ദിനങ്ങളിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളത് പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) കയർ മേഖലയിലെ തൊഴിലില്ലായ്മയും പ്രതിസന്ധിയും പരിഹരിക്കുന്നതിന് മുൻസർക്കാർ നിയോഗിച്ച കയർ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളെ പട്ടിണിയിൽ നിന്നും വിമുക്തമാക്കുന്നതിനും ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സർവ്വകലാശാലകളുടെ പ്രവർത്തനം</u>

*117 ശ്രീ. എസ്. ശർമ്മ
,, എ. കെ. ബാലൻ
ഡോ. കെ. ടി. ജലീൽ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; മിക്ക സർവ്വകലാശാലകളും രൂക്ഷമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വകലാശാല വൈസ് - ചാൻസലർമാരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തരമായി ആക്ഷേപം ഉയർന്നുവന്നിട്ടുണ്ടോ; ഏതെല്ലാം വൈസ് ചാൻസലർമാർക്കെതിരെ കോടതി വിമർശനം ഉണ്ടായിട്ടുണ്ട്; ഇതിനാധാരമായ കാരണങ്ങൾ വിശദമാക്കാമോ;

(സി) മഹാത്മാഗാന്ധി സർവ്വകലാശാല വൈസ്ചാൻസലറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസലറുടെ പേര് നിർദ്ദേശിക്കപ്പെട്ട സമിതിയിൽ യു.ജി.സി. പ്രതിനിധി ഉണ്ടായിരുന്നോ; നിയമനത്തിൽ അവരുടെ അഭിപ്രായം എന്തായിരുന്നു; മറ്റ് പ്രതിനിധികൾ ആരൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ;

(ഇ) ചട്ടം അനുശാസിക്കുന്ന യോഗ്യതകൾ ഇല്ലാത്ത വ്യക്തി വൈസ്ചാൻസലർ പോലുള്ള ഉന്നത പദവിയിൽ നിയമിക്കപ്പെടാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ യൂണിഫോം വിതരണം</u>

*118 ശ്രീ. കെ. കെ. നാരായണൻ
,, കെ. കെ . ജയചന്ദ്രൻ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അദ്ധ്യയന കാലം അവസാനിച്ചിട്ടും കഴിഞ്ഞ വർഷം യൂണിഫോം വിതരണം നടത്താൻ കഴിയാതെ പോയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ വെളിച്ചത്തിൽ ഈ വർഷം നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) യൂണിഫോം വിതരണം സ്വകാര്യ തുണി മില്ലുകളെ ഏൽപ്പിച്ചത് മൂലം കഴിഞ്ഞ അദ്ധ്യയനവർഷത്തെ യൂണിഫോം വിതരണത്തിൽ പ്രശ്നങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ യൂണിഫോം വിതരണം മുൻ വർഷങ്ങളിലെ പോലെ പി.ടി.എ. കളെ ഏൽപ്പിക്കുന്നതിന് തിരുമാനിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കയർവ്യവസായം ലാഭകരമാക്കാനുള്ള നടപടികൾ</u>

*119 ശ്രീ. കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകളെ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ചകിരിയിൻ നിന്നും കയറിൽ നിന്നും, വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിച്ച് വ്യവസായം ലാഭകരമാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; പുതിയ പദ്ധതികൾ ഏതെങ്കിലും പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസാസ്</u>

*120 ശ്രീ. തോമസ് ചാണ്ടി
'' എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസകളുടെ പഠനനിലവാരം ഉയർത്താനുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ ''സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസാസ്" അനുസരിച്ച് സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുക എത്ര;

(ബി) വഖഫ് ബോർഡിന്റെയോ മദ്രസബോർഡിന്റെയോ നിയോസിന്റെയോ അംഗീകാരമില്ലാത്ത മദ്രസകൾക്ക് പ്രസ്തുത പദ്ധതിയനുസരിച്ച് തുക നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാര്യമായ പരിശോധന കൂടാതെ നടക്കുന്ന ഫണ്ട് കൈമാറ്റത്തെക്കുറിച്ച് ചീഫ് സെക്രട്ടറിക്ക് നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 3.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]